2. ഓഹരികൾ വിറ്റഴിക്കൽ

ശ്രീ. എളമരം കരീം: സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കേരളത്തിലെ ജനങ്ങൾ വലിയ പ്രക്ഷോഭം നടത്തിയാണ് കൊച്ചിൻ ഷിപ്പ് യാർഡ് സ്ഥാപിക്കുന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചത്. ലോകത്താകെ ഷിപ്പിംഗ് ഇൻഡസ്ട്രി വളരെ പ്രതിസന്ധി നേരിടുമ്പോഴും കൊച്ചിൻ ഷിപ്പ് യാർഡ് ലാഭത്തിൽ പ്രവർത്തിക്കുകയായിരുന്നു. ഇന്ത്യൻ നേവിക്ക് ആവശ്യമായ വിമാന വാഹിനികൾ ഉൾപ്പെടെ നിർമ്മിക്കാൻ വൈദഗ്ധ്യം നേടുകയും ആ നിലയിൽ ആത്മാർത്ഥമായി പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായിട്ടാണ് കൊച്ചിൻ ഷിപ്പ് യാർഡ് പുരോഗതി കൈവരിച്ചത്. വികസന പദ്ധതി തയ്യാറാക്കിയപ്പോൾ 1,700 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയത് യാഥാർത്ഥ്യ ബോധത്തോടെയാണോയെന്ന് സംശയമുണ്ട്. ഇതിന് പണം കണ്ടെത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച മാർഗ്ഗം, കൊച്ചിൻ ഷിപ്പ് യാർഡിന്റെ 10 ശതമാനം ഓഹരികൾ സ്വകാര്യ വ്യക്തികൾക്ക് വിൽക്കണമെന്നതാണ്. ഈ കമ്പനിക്ക് 1,500 കോടി രൂപ ഇപ്പോൾത്തന്നെ റിസർവ് ഫണ്ടുണ്ട്. ആവശ്യമെങ്കിൽ 400-500 കോടി രൂപ മാർക്കറ്റിൽനിന്നും ലഭിക്കുന്നതിന് ബുദ്ധിമുട്ടില്ല. ഇത്തരം സാഹചര്യത്തിൽ ഓഹരി വിൽപ്പന ഒരുകാരണവശാലും ന്യായീകരിക്കാവുന്നതല്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ധനക്കമ്മി കുറയ്ക്കാൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിൽക്കുകയെന്ന നയത്തിന്റെ ഭാഗവും കേരള താൽപ്പര്യത്തിന് എതിരുമാണ്. ഇതിനെതിരായി സംസ്ഥാന സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കൊച്ചിൻ ഷിപ്പ് യാർഡ് ഏറ്റവും നല്ല പൊതുമേഖലാ സ്ഥാപനമാണെന്ന് എല്ലാവരും അംഗീകരിച്ചിട്ടുള്ളതാണ്. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കണക്കിലും അങ്ങനെ തന്നെയാണ്. കൊച്ചിൻ ഷിപ്പ് യാർഡിന്റെ 3,39,84,000 ഇക്വിറ്റി ഓഹരികളാണ് ഇന്ന് ഡിസ്ഇൻവെസ്റ്റ്മെന്റിന് തീരുമാനിച്ചിട്ടുള്ളത്. ഇതിൽക്കൂടി സമാഹരിക്കുന്ന തുക കൊച്ചിൻ ഷിപ്പ് യാർഡിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളായ അന്താരാഷ്ട്ര ഷിപ്പ് റിപ്പയർ ഫെസിലിറ്റി പദ്ധതിക്കും ഡ്രൈഡോക് പദ്ധതിക്കും ചെലവഴിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിന് മറ്റ് രീതിയിൽ പണം സമാഹരിക്കാൻ ബുദ്ധിമുട്ടുള്ളതു കൊണ്ടാണ് ഈ മാർഗ്ഗം സ്വീകരിക്കുന്നതെന്ന സമീപനമാണ് എടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തും. ഡിസ്ഇൻവെസ്റ്റ്മെന്റിലൂടെ പുതിയ ഇൻവെസ്റ്റ്മെന്റിനാണ് ശ്രമിക്കുന്നതെന്ന് പറഞ്ഞിട്ടുള്ളതിന്റെ സാഹചര്യങ്ങളും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly